# പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജൂൺ 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5(*31) വിഴിഞ്ഞം തുറമുഖത്തിൽനിന്നുള്ള ചരക്കുനീക്കം സുഗമമാക്കാൻ നടപടി

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽനിന്നുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനായി വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. തുറമുഖത്തെ NH 66-മായി ബന്ധിപ്പിക്കുന്ന റോഡിന്റെ പണി അന്തിമഘട്ടത്തിലും റെയിൽവേയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയുമാണ്. നിർദിഷ്ട ഭൂഗർഭ പാതയുടെ ഡി.പി.ആർ-ന്

അംഗീകാരം ലഭിച്ചതിനെത്തുടർന്ന് പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. ഭൂഗർഭപാത തുറമുഖവുമായി ബന്ധിപ്പിക്കുന്നതിന് ബാലരാമപുരം, അതിയന്നൂർ, പള്ളിച്ചൽ, വിഴിഞ്ഞം വില്ലേജുകളിലായി 5.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും ഇതിനായി ഏകദേശം 198 കോടി രൂപയുടെ ചെലവ് വരുമെന്നുമാണ് കണക്കാക്കിയിട്ടുള്ളത്. വിഴിഞ്ഞം പദ്ധതിയുടെ 88 ശതമാനവും പൂർത്തീകരിച്ചുവെന്നും 2024 ജൂൺ അവസാനത്തോടുകൂടി ട്രയൽ റൺ നടത്താൻ സാധിക്കുമെന്നും പദ്ധതി പൂർണ്ണമാകുമ്പോൾ 2500-ലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6(*32) <u>കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുന്നതിനും വ്യവസായ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയുടെ മാർഗ്ഗരേഖ നിലവിൽവന്നിട്ടുണ്ടെന്നും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും

ഉപയോഗിക്കാത്തതുമായ ഭൂമി ഉപയുക്തമാക്കിയാണ് ടി പാർക്കുകൾ ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പിനുള്ള അവസരം നൽകി സ്വന്തമായി സംരംഭം ആരംഭിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും ഈ സംരംഭത്തിലൂടെ കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/അധ്യാപകരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ, സ്വകാര്യ വേർതിരിവില്ലാതെ ആരംഭിക്കുന്ന ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിനും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് 1.5

കോടി രൂപ വരെ റീ-ഇംബേഴ്സ്മെന്റ് ആയും സർക്കാർ ധനസഹായം നൽകുന്നതാണ്. ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന വ്യവസായ ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 1999-ന്റെ പരിധിയിൽ വരുന്ന മുഴവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും. കേരളത്തെ ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ (ജി.സി.സി.) ആക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും ക്യാമ്പസ്സുകളെ അതിന്റെ ഭാഗമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമെന്നും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥാപനങ്ങൾക്ക് വെബ് പോർട്ടൽ മുഖേന അപേക്ഷ നൽകാമെന്നും മാനദണ്ഡങ്ങൾക്കനുസൃതമായി മുൻഗണനാക്രമത്തിൽ 25 പാർക്കുകളാണ് ആദ്യവർഷം സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*33) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകൾക്ക് മുൻഗണന നൽകിയും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക്

നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാണ് ശ്രമിക്കുന്നതെന്നും നിലവിലെ സാമ്പത്തിക ഞെരുക്കത്തിനിടയിലും വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്താൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിവിധ ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന, നികുതി വിഹിതത്തിൽ വന്ന കുറവ് തുടങ്ങി വിവിധ കാരണങ്ങളാൽ സംസ്ഥാന വരുമാനത്തിലുണ്ടാകുന്ന കുറവ് തനത് വരുമാന വർദ്ധനവിലൂടെ നികത്താൻ സാധിക്കുന്നതല്ല. ജി.എസ്.ടി. വകുപ്പിനെ പുനഃസംഘടിപ്പിച്ചും വിജിലൻസ്, ഓഡിറ്റ് വിഭാഗങ്ങളുടെ പരിശോധന കർശനമാക്കിയും ഓപ്പറേഷൻ പാംടി പദ്ധതി നടപ്പാക്കിയും ഓൺലൈൻ ട്രേഡിംഗിൽ നിയന്ത്രണമേർപ്പെടുത്തിയും വരുമാന ചോർച്ച ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8(*34) <u>പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, ശാസ്ത്ര, സാങ്കേതിക, വ്യവസായ, വിപണന രംഗത്തുണ്ടായ

മാറ്റങ്ങൾക്കും കമ്പനികളുടെ പ്രവർത്തന മേഖലയ്ക്കും അനുസൃതമായി ഓരോ പൊതുമേഖലാ സ്ഥാപനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തി ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെന്നും സഭയെ അറിയിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം ഉറപ്പുവരുത്തുന്നതിന് സർക്കാർ ധനസഹായത്തിന് പുറമെ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനത്തിനും 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബിസിനസ് പ്ലാനും MoU-ഉം തയ്യാറാക്കുകയും കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുകയും ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും പി.എസ്.സി. മുഖേനയല്ലാതെയുള്ള നിയമനങ്ങൾക്കായി KPESRB രൂപീകരിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അവാർഡ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും പബ്ലിക് സെക്ടർ

റീസ്ട്രക്ച്ചറിംഗ് ആൻഡ് ഇന്റേണൽ ആഡിറ്റ് ബോർഡ് (RIAB)-നെ ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (BPT) എന്ന് നാമകരണം ചെയ്ത് ഗവേണിംഗ് ബോഡി പുനഃസംഘടിപ്പിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുകയും എച്ച്. എൻ. എൽ., ടെൽ ഇ. എം. എൽ എന്നിവ ഏറ്റെടുത്ത് പ്രവർത്തന മികവുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അധിക ഭൂമി വ്യാവസായിക വികസനത്തിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇലക്ട്രോണിക്സ് മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനുമായി കെൽട്രോണിന്റെ നേതൃത്വത്തിൽ വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്നും കെൽട്രോണിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നിലവിലുള്ള സാങ്കേതിക പരിജ്ഞാനം, ഫാക്ടറി നവീകരണം എന്നിവയ്ക്കൊപ്പം Traffic Management, Defence Products, Power Electronics എന്നീ മേഖലകളിലൂന്നിയ പദ്ധതികൾ ആരംഭിക്കുന്നതിന് 395 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി ആയത് പ്രകാരമുള്ള പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നുണ്ടെന്നും കെൽട്രോൺ മുഖേന വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കായുള്ള ഇ-കൊമേഴ്സ് പോർട്ടൽ

പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണെന്നും മന്ത്രി വ്യക്തമാക്കി. പ്രതിരോധ മേഖലയിലെ പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതാണെന്നും കയറുൽപ്പന്നങ്ങളുടെ വിപണി ഉറപ്പുവരുത്തുന്നതിന് ഇ-കൊമേഴ്സ് സംവിധാനങ്ങൾ വിനിയോഗിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9(*35) നികുതി ചോർച്ച തടയുന്നതിനുള്ള പ്രവർത്തനങ്ങൾ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് ടാക്സ് പെയർ സർവ്വീസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളായി പുനഃസംഘടിപ്പിച്ചതിലൂടെ നികുതി ചോർച്ച തടയാനും നികുതി പിരിവ് ഊർജ്ജിതമാക്കാനും സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രത്യേക വിഭാഗം രൂപീകരിക്കുകയും കുടിശ്ശിക നിവാരണത്തിനായി ആംനസ്റ്റി പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ പാംട്രീ പരിശോധനയിൽ സംസ്ഥാന വ്യാപകമായി 148 വ്യക്തികളുടെ പേരിലെടുത്ത ജി.എസ്.ടി. രജിസ്ട്രേഷനുകളിലൂടെ 1170 കോടി രൂപയുടെ

വ്യാജ ഇടപാട് നടത്തിയതിലൂടെ 209 കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ നൂതന സംവിധാനമുള്ള ക്യാമറകൾ മുഖേന വാഹന പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നികുതി വെട്ടിപ്പ് നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.